**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 406** **23-07-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ക്ഷേത്ര ജീവനക്കാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സമുദായ ക്ഷേത്രങ്ങളും കുടുംബക്ഷേത്രങ്ങളുമുൾപ്പെടെ എത്ര ഹിന്ദു ആരാധനാലയങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ദേവസ്വം ബോർഡുകളുടെ പട്ടികയിൽ സംസ്ഥാനത്ത് ആകെ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 3058 ക്ഷേത്രങ്ങൾ (ഏകദേശം) |
| (സി) | ദേവസ്വം ക്ഷേത്രങ്ങളെ എത്ര ബോർഡുകളാക്കി തിരിച്ചിട്ടുണ്ടെന്നും ഈ ക്ഷേത്രങ്ങളിൽ അതത് ക്ഷേത്രത്തിലെ വരുമാനത്തിൽ നിന്നാണോ ജീവനക്കാർക്ക് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ; | (സി) | ദേവസ്വം ക്ഷേത്രങ്ങളെ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിങ്ങനെ അഞ്ച് ദേവസ്വങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ മലബാർ ദേവസ്വം ബോർഡ് ഒഴികെയുള്ള ദേവസ്വങ്ങളിൽ അതാത് ദേവസ്വത്തിന്റെ പൊതുവായ ഫണ്ടിൽ നിന്നുമാണ് ക്ഷേത്രജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളിലെ വരുമാനത്തിൽ നിന്നുമാണ് ശമ്പളം നൽകുന്നത്. എന്നാൽ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിൽ, ക്ഷേത്ര വരുമാനത്തിന്റെ 50 ശതമാനം വരുന്ന സംഖ്യ ജീവനക്കാരുടെ ശമ്പളത്തിനായി ചെലവഴിച്ചിട്ടും പൂർണ്ണമായ ശമ്പളം ജീവനക്കാർക്ക് നൽകുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ അത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുടിശ്ശികയായി വരുന്ന ശമ്പളം മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. |
| (ഡി) | ദേവസ്വം ബോർഡിന്റെ കീഴിൽ അല്ലാത്ത ക്ഷേത്രങ്ങളിലെ മേൽശാന്തി, കീഴ്ശാന്തിമാർക്ക് ക്ഷേത്ര കമ്മിറ്റിക്കാർ നൽകുന്നത് നാമമാത്ര | (ഡി) | കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷനോ, വെൽഫയർ ഫണ്ട് പെൻഷനോ |

| | | | |
|---|---|---|---|
| | തുകയാണെന്നതും നിത്യവും ഭക്തരിൽ നിന്ന് കിട്ടുന്ന ദക്ഷിണയാണ് ഇവർക്കാശ്വാസമെന്നതും ലോക്കഡൗണിൽ ക്ഷേത്രങ്ങൾ അടച്ചതോടെ വരുമാനം ഇല്ലാതായ ഇവർ ദുരിതജീവിതമാണ് നയിക്കുന്നതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച പരിഹാര നടപടികൾ എന്താണെന്ന് വിശദമാക്കാമോ? | | ലഭിക്കാത്ത BPL, അന്ത്യോദയ അന്നയോജന കുടുംബത്തിന് 1000/- രൂപ സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ പൊതു തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി മാത്രം പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ